# പരി. ലാസലെറ്റ് മാതാവിന്റെ 175–ാം പ്രത്യക്ഷികരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

## ജൂലൈ 2021

**നിർദ്ദേശങ്ങൾ:-**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19–ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

### പ്രാരംഭഗാനം

പരിശുദ്ധാത്മാവേ.....

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

### പ്രാരംഭ പ്രാർത്ഥന

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175–ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

### വചനവായന

വെളിപാട് 12 : 1–8

## <u>ധ്യാനചിന്തകൾ:- ലാസലെറ്റിലെ പ്രകാശം</u>

പ്രകാശം ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായിട്ടാണ് ബൈബിളിൽ നാം കണ്ടെത്തുന്നത്. ഇരുളിനെ തിന്മയുടെ പ്രതീകമായാണ് ചരിത്രത്തിൽ എല്ലാ മതവിശ്വാസങ്ങളും വ്യാഖ്യാനിക്കുന്നത്. ''തമസ്സോമാ ജ്യോതിർഗ്ഗമയാ'' എന്ന് ഭാരതീയ ഋഷിവര്യന്മാർ പ്രാർത്ഥിച്ചു എന്നു നാം അഭിമാനപുരസരം ഏറ്റ് പറയുന്ന സത്യമാണല്ലോ. അന്ധകാരത്തിൽ ദൈവചൈതന്യം വ്യാപരിച്ചപ്പോൾ സകലസൃഷ്ടികൾക്കും നാന്ദികുറിച്ചതായി ബൈബിളിലെ ഉൽപത്തി പുസ്തകത്തിന്റെ പ്രാരംഭത്തിൽ സാക്ഷിക്കുന്നു (ഉൽപത്തി 1, 2). പ്രകാശം ദൈവത്തിന്റെ സാന്നിദ്ധ്യം കൊടുക്കുന്ന ഒരുപാട് ഇടങ്ങളെ നാം ബൈബിളിൽ കണ്ടുമുട്ടുന്നു. സ്വന്തം ജനത്തിൽ

നിന്നും, മറ്റുള്ളവരുടെ കണ്ണിൽപ്പെടാതെയും നടക്കുന്ന മോശയ്ക്ക് ദൈവസാന്നിദ്ധ്യം അനുഭവമാകുന്നത്, മിദിയാനിലെ അമ്മായിയപ്പന്റെ ആടുകളെ മേയ്ച്ചുകൊണ്ടിരിക്കുമ്പോഴാണ്. സീനായ് മലമുകളിൽ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചിറങ്ങിയ മോശയുടെ മുമ്പിൽ കത്തുന്ന മുൾപ്പടർപ്പിൽ ദൈവസാന്നിദ്ധ്യം വെളിപ്പെടുന്നു. (പുറപ്പാട് 3, 2). വലിയൊരു ഉത്തരവാദിത്വത്തോടെയാണ് മോശ മലയിറങ്ങുന്നത്. മെലനിയും മാക്സിമിനും സ്വന്തം വീട്ടിൽ നിന്നും അകലെ കാലികളെ മേയ്ക്കാൻ പോയ മലയിൽ മാതാവിന്റെ സാന്നിദ്ധ്യം പ്രകാശഗോളമായി കാണപ്പെട്ടതു യാദൃശ്ചികമായിരിക്കാനിടയില്ല, എല്ലാം ദൈവിക പദ്ധതിയുടെ ഭാഗം തന്നെ. മാക്സിമിൻ മനപൂർവ്വവും മെലനി സാഹചര്യങ്ങളാലും ദൈവീകകാര്യത്തിൽ നിന്നും, ദേവാലയത്തിൽ നിന്നും ഒളിച്ചുനടന്നവരായിരുന്നു. മോശ ദൗത്യത്തോടെ സീനായ് മലയിറങ്ങിയതു പോലെ മാക്സിമിനും മെലനിയും 1846 സെപ്റ്റംബർ 19 ന് വൈകുന്നേരം ലാസലെറ്റ് മലയിറങ്ങിയതും വലിയ ദൗത്യത്തോടെയായിരുന്നു. ദൈവസാന്നിദ്ധ്യം പ്രകാശമായി ദൈവജനം അനുഭവിക്കുന്നത് ഇസ്രയേലിന്റെ ഈജിപ്തിൽ നിന്നുള്ള വാഗ്ദത്ത ദേശത്തേക്കുള്ള യാത്രയിൽ പ്രകടമാണ്. ദൈവം അവരുടെ യാത്രയിൽ അവരെ നയിക്കാൻ, ''അവർക്കു രാവും പകലും യാത്ര ചെയ്യാനാവും വിധം പകൽവഴി കാട്ടാൻ ഒരു മേഘസ്തംപത്തിലും, രാത്രിയിൽ പ്രകാശം നൽകാൻ ഒരു അഗ്നിസ്തംപത്തിലും കർത്താവു അവർക്കു മുമ്പേ പോയിരുന്നു'' (പുറ 13, 21). പ്രവാചകഗ്രന്ഥങ്ങളിലും ശുദ്ധീകരിക്കുന്ന അഗ്നിയായും, ബലിസ്വീകരിക്കുന്ന സ്വർഗ്ഗീയാഗ്നിയായും ദൈവീക സാന്നിദ്ധ്യം നാം ദർശിക്കും. ഇസ്രയേലിന്റെ പാരമ്പര്യങ്ങളിൽ 'മിശിഹായുടെ' മനുഷ്യാവതാരത്തിന്റെ അടയാളവും പ്രകാശമായിരിക്കും എന്നു തന്നെയായിരുന്നു രേഖപ്പെടുത്തിയിരിക്കുന്നത്. ഈശോയുടെ ജനനസമയത്ത് കാണപ്പെട്ട 'നക്ഷത്രം' പ്രകാശമായ ദൈവത്തിന്റെ അടയാളമാണ്. സിനഗോഗിൽ ഈശോ പഠിപ്പിച്ചതും ഇപ്രകാരമാണ്, ''ഞാൻ ലോകത്തിന്റെ പ്രകാശമാണ്, എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല, അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും '' (യോഹ 8,12). പ്രകാശത്തിലേക്കുള്ള വിളിയാണ് ഓരോ ക്രിസ്ത്യാനിയും ജ്ഞാനസ്നാന വേളയിൽ കത്തിച്ച തിരി കൈകളിലേന്തി ഏറ്റെടുക്കുന്നത്. രൂപാന്തരീകരണ വേളയിലും 'പ്രകാശമായ ദൈവം' പറഞ്ഞറിയിക്കാൻ സാധിക്കാത്ത തന്റെ മഹത്വം ശിഷ്യന്മാർക്കു വെളിപ്പെടുത്തി. ''അവൻ അവരുടെ മുമ്പിൽ വെച്ച് രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി. അവന്റെ വസ്ത്രം പ്രകാശം പോലെ ധവളമായിരുന്നു'' (മത്തായി 17, 1–8). വെളിപ്പാടിന്റെ പുസ്തകത്തിൽ ലോകത്തെ ഭരിക്കുവാനുള്ളവനെ പ്രസവിക്കാൻ ഒരുങ്ങി നിൽക്കുന്ന സ്വർഗ്ഗത്തിലെ സ്ത്രീയെക്കുറിച്ചുള്ള വിവരണം മറിയത്തെപ്പറ്റി തന്നെയാണ് എന്ന് ദൈവശാസ്ത്രജ്ഞന്മാർ പൂർണ്ണമായും അംഗീകരിക്കുന്ന വലിയ സത്യമാണ്. ''സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ, അവളുടെ പാദങ്ങൾക്കിടയിൽ ചന്ദ്രൻ, ശിരസ്സിൽ പന്ത്രണ്ടു നക്ഷ്ത്രങ്ങൾ കൊണ്ടുള്ള കിരീടം''. (വെളിപ്പാട് 12, 1).

തങ്ങൾ കണ്ട മാതാവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് മാക്സിമിനും മെലനിയും വിശേഷിപ്പിച്ചത് ''അവിടെ സൂര്യൻ താഴെ വീണതുപോലെ '' തോന്നി എന്നാണ്. ആദ്യം മെലനി കണ്ടത് ഒരു പ്രകാശഗോളമാണ്, സൂക്ഷിച്ച് അവർ നോക്കിയപ്പോൾ ''ആകർഷിതമായ പ്രകാശവലയത്തിൽ ഒരു സ്ത്രീ ഇരുന്നിരുന്നു–കൈമുട്ടുകൾ കാൽമുട്ടുകളിൽ ഊന്നി മുഖം കൈകളിൽ താങ്ങിയിരുന്ന ഹൃദയവേദനയോടെ കരയുന്ന ഒരു സ്ത്രീരൂപം''. അവൾ എഴുന്നേറ്റ് അവരെ അടുത്ത് വിളിച്ചപ്പോഴും സന്ദേശം നൽകിയപ്പോഴും ഒരു പ്രകാശവലയത്തിലായിരുന്നതായി അവർ സാക്ഷ്യപ്പെടുത്തുന്നു. ഈ പ്രകാശം പരന്നിരുന്നത് അവൾ കഴുത്തിൽ ധരിച്ചിരുന്ന ക്രൂശിതരൂപത്തിൽ നിന്നായിരുന്നു. പ്രകാശമായിരുന്നവന്റെ വഴികളിൽ അടിപതറാതെ നടക്കുന്നവർ പ്രകാശത്തിലായിരിക്കും എന്ന തന്റെ പുത്രന്റെ വാക്കുകളെ മറിയം ലാസലെറ്റിൽ സാക്ഷ്യപ്പെടുത്തുന്നു. പ്രകാശിതയായി മാതാവ് പ്രത്യക്ഷപ്പെട്ട്

ലാസലെറ്റിൽ നമ്മോടും ആവശ്യപ്പെടുന്നത് അന്ധകാരത്തിന്റെ വഴികളെ ഉപേക്ഷിച്ച് പ്രകാശത്തിന്റെ പാതയിലേക്കു തിരികെ വരാനാണ്. റോമായിലെ സഭയെ പൗലോസ് അപ്പസ്തോലൻ ഓർമ്മപ്പെടുത്തിയ കാര്യം ലാസലെറ്റ് മലമുകളിൽ മാതാവ് തന്റെ സാന്നിദ്ധ്യം ഓർമ്മപ്പെടുത്തി. ''നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനേക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു. രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. പകലിനു യോജിച്ചവിധം നമുക്ക് പെരുമാറാം'' (റോമാ 13, 11–13)

## വിചിന്തനം ചെയ്യാം:-

- മാമ്മോദീസായിൽ പ്രകാശമായ ക്രിസ്തുവിനെ സ്വീകരിച്ച നാം പിന്നീട് സ്ഥൈര്യലേപനത്തിൽ വീണ്ടും ഏറ്റ് പറഞ്ഞ പ്രകാശമായ ദൈവത്തിന്റെ പ്രകാശം എന്നിൽ കെടാതെ ഞാൻ സൂക്ഷിച്ചിട്ടുണ്ടോ?
- ഇരുളിന്റെ പ്രവൃത്തികൾ വിട്ട് പ്രകാശത്തിന്റെ പ്രവൃത്തികളിലേക്ക് ഞാൻ നടക്കാൻ ഓരോ ദിവസവും പരിശ്രമിക്കാറുണ്ടോ?

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടി പരി. ലാസലെറ്റ് മാതാവുവഴി കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന് പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലെറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: കർത്താവേ, സഭാവിശ്വാസികൾ ഉത്തമ ബോധ്യത്തോടെ, വിശ്വാസത്തിൽ തീഷ്ണതയുള്ളവരും പ്രവർത്തനങ്ങളിൽ കാരുണ്യമുള്ളവരുമായി തങ്ങളുടെ വിശ്വാസ ജീവിതത്തിനു സാക്ഷ്യം വഹിക്കാൻ കൃപ ലഭിക്കുന്നതിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ,....

ലീഡർ: കർത്താവേ, അദ്ധ്വാനിക്കുന്നവരുടെയും ഭാരവാഹിക്കുന്നവരുടെയും ആശ്രയമായ ദൈവമേ, തങ്ങളുടെ അവകാശങ്ങൾക്കായി സമരം നടത്തുന്ന കർഷകരെയും കുടുംബങ്ങളെയും അനുഗ്രഹിക്കണമേ. അവരുടെ പ്രശ്നങ്ങളെ മനസിലാക്കുവാനും, അവരോടു കരുണ കാണിക്കാനും അധികാരികളുടെ കണ്ണു തുറക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: തിരുസഭയെയും വിശ്വാസത്തെയും തകർക്കാൻ ആഗ്രഹിക്കുന്ന ശത്രുക്കളുടെ മാനസാന്തരത്തിനുവേണ്ടിയും, സ്വയം സത്വത്തെ മറന്ന് സഭയ്ക്കെതിരെ നിൽക്കുന്ന സഭാ മക്കളുടെ മാനസാന്തരത്തിനും തിരിച്ച് വന്ന് സജീവ പങ്കാളിത്വത്തിനുമായി കൃപ കൊടുക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: നമുക്ക് നിശബ്ദമായി നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങളും കുടുംബത്തിന്റെ നിയോഗങ്ങളും പരി. ലാസലെറ്റ് മാതാവുവഴി കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം.

**നമുക്ക് പ്രാർത്ഥിക്കാം.**

എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമായ യേശുക്രിസ്തുവേ, നീയാകുന്ന വെളിച്ചത്തിനു സാക്ഷ്യം വഹിക്കാൻ വന്ന സ്നാപക യോഹന്നാനെപ്പോലെ, നിന്റെ കുരിശിൽ നിന്നുള്ള വെളിത്താൽ പ്രശോഭിതയായി ലാസലെറ്റ് മലയിൽ പരി. അമ്മ പ്രത്യക്ഷപ്പെട്ടുവല്ലോ. അന്ധകാരത്തിന്റെ നൈമിഷിക സുഖങ്ങൾ ആസ്വദിക്കുവാനായി പലപ്പോഴും യഥാർത്ഥ പ്രകാശമായ നിന്നിൽ നിന്നും, നിന്റെ പ്രകാശം ഞങ്ങളിൽ ചൊരിയുന്ന കൂദാശകളിൽ നിന്നും ബോധപൂർവ്വം ഞങ്ങൾ അകന്നുമാറിയിട്ടുണ്ട്. ഇരുളിന്റെ പ്രവൃത്തികളിൽ വ്യാപൃതരായ ഞങ്ങൾ പലപ്പോഴും പകലിന്റെ നൻമകളെ തള്ളിപറഞ്ഞുപോയി, സഹോദരങ്ങളെ കാണാതെപ്പോയി. കുരിശിനു ഒരിക്കലും കീഴ്പ്പെടുത്താൻ കഴിയാത്ത, മനുഷ്യരുടെ ഇടയിലെ ജീവന്റെ വെളിച്ചമായ ക്രസ്തുവിലേക്ക് ചേർന്നു നിൽക്കാനും നീതി സൂര്യനായ ക്രിസ്തുവിന്റെ ചിറകിൽ നിന്നും സൗഖ്യം (മലാക്കി 4,2) ആസ്വദിക്കാനും, പ്രകാശത്തിന്റെ മാതാവേ, ഞങ്ങളെ സഹായിക്കണമേ

അമ്മേൻ.

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ.................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**സമാപനഗാനം**

എത്രയും ദയയുള്ള മാതാവേ ..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu